കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 13.12.2025 മുതൽ 17.12.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2025 (99) വെള്ളിയാഴ്ച്ച | തീയ്യതി 12/12/2025 |
|---|---|

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 13.12.2025 | 14.12.2025 | 15.12.2025 | 16.12.2025 | 17.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 90 | 90 | 90 | 70 | 50 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 2 | 2 | 2 | 5 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) കതിരു വരുന്ന പരുവം | ലക്ഷ്മി രോഗം | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന സ്ഥലങ്ങളിൽ കതിരുവരാത്ത പാടങ്ങളിൽ ലക്ഷ്മി രോഗം/ വാരിപ്പൂവ് വരുന്നതിനു മുൻകരുതലായി പൂട്ടിൽ പരുവത്തിൽ എത്തുമ്പോൾ തന്നെ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. രോഗബാധയേറ്റ നെല്ചെടികളുടെ വിള അവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക. |
| പച്ചക്കറികൾ | ചൂർണ്ണപൂപ്പ | പച്ചക്കറികളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ചൂർണ്ണപൂപ്പ തടയുന്നതിനായി സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. വെള്ളരിവർഗ്ഗ വിളകളിൽ ചൂടുള്ള സമയത്ത് സൾഫർ തളിക്കുന്നത് വിളകളിൽ പൊള്ളലുണ്ടാക്കാൻ ഇടയാക്കുന്നതിനാൽ അത്തരം വിളകൾക്ക് വൈകുന്നേരങ്ങളിൽ മാത്രം സൾഫർ തളിച്ചുകൊടുക്കാൻ ശ്രദ്ധിക്കുക. |
| മാവ് | തുള്ളൻ | മാവ് പൂവിട്ടു തുടങ്ങുന്നതിനാൽ മാവിനെ ആക്രമിക്കുന്ന തുള്ളനെയും പൂക്കലയെ ബാധിക്കുന്ന പുഴുക്കളേയും നിയന്ത്രിക്കുന്നതിനായി 1% അസാഡിറാക്ടിൻ 2ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുക. |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS, KVASU, Mannuthy)